# മാർ അബ്രാഹം മറ്റം വിസി കാലം ചെയ്തു



മധ്യപ്രദേശിലെ സത്ന രൂപതയുടെ പ്രഥമ മെത്രാനും സീറോമലബാർസഭയിലെ മുതിർന്ന മെത്രാനുമായ മാർ അബ്രാഹം മറ്റം വിസി കാലംചെയ്തു. 2019 ഏപ്രിൽ 16ന് രാവിലെ 10:10ന് ആയിരുന്നു അന്ത്യം. താൻ സഭാംഗമായിരുന്ന വിൻസെൻഷ്യൻ സഭയുടെ ഇടപ്പള്ളിയിലുള്ള ജനറലേറ്റിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. സൗമ്യമായ പെരുമാറ്റ ശൈലികൊണ്ട് ആരെയും ആകർഷിച്ചിരുന്ന വ്യക്തിത്വമായിരുന്നു മാർ അബ്രഹാം മാറ്റത്തിന്റേത്. ഒരു രൂപതയുടെ സാരഥിയായിരുന്ന അദ്ദേഹം വളരെ ലളിതമായ ജീവിതം നയിച്ച ഒരു പിതാവായിരുന്നു. എറണാകുളത്തെ ലിസി ഹോസ്പിറ്റൽ സൂക്ഷിച്ചിരിക്കുന്ന ഭൗതികശരീരം അന്ത്യകർമ്മങ്ങൾക്കായി പിന്നീട് ഇടപ്പള്ളിയിലെ വിൻസെൻഷ്യൻ ജനറലേറ്റിൽ കൊണ്ടുവരികയും വിശുദ്ധ കുർബാന അർപ്പിച്ച് അന്തിമ ഉപചാരങ്ങൾ അർപ്പിക്കുകയും ചെയ്യും. തുടർന്ന് ഭൗതികശരീരം സത്നരൂപതയുടെ കത്തീഡ്രൽ ദേവാലയത്തിലേക്ക് കൊണ്ടുപോവുകയും അന്ത്യകർമ്മങ്ങൾ നടത്തി കബർ അടക്കുകയും ചെയ്യുന്നതായിരിക്കും. സമയ ക്രമീകരണങ്ങൾ പിന്നീട് തീരുമാനിക്കും.

സത്ന രൂപതയിൽ എട്ടുവർഷം എക്സ്സാർക്കായും 23-വർഷം മെത്രാനായും സമാനതകളില്ലാതെ സേവനം ചെയ്ത മാർ അബ്രാഹം മറ്റം 2000 ജനുവരി 14 -)0 തീയതി രൂപതയുടെ ചുമതലയിൽ നിന്ന് ഒഴിഞ്ഞ് വിശ്രമജീവിതം ആരംഭിച്ചു. പാലാ രൂപതയിലെ നരിയങ്ങാനം ഇടവകയിൽ മറ്റം കുടുംബത്തിൽ ദേവസ്യ-അന്ന ദമ്പതികളുടെ എട്ടുമക്കളിൽ ആറാമനായി 1922 നവംബർ 21-ാം തീയതി മാർ അബ്രാഹം മറ്റം ഭൂജാതനായി. അദ്ദേഹത്തിന് മൂന്ന് സഹോദരന്മാരും നാല് സഹോദരിമാരും ആണ് ഉണ്ടായിരുന്നത്.

സ്കൂൾ വിദ്യാഭ്യാസം നരിയങ്ങാനത്തും (LP), മേലമ്പാറയിലും-വിളക്കുമാടത്തും (UP), ഭരണങ്ങാനത്തുമായി (HS) പൂർത്തിയാക്കി. 1941 വിൻസെൻഷ്യൻ സഭയ്ക്കുവേണ്ടി എറണാകുളം മൈനർ സെമിനാരിയിൽ ചേർന്ന്

വൈദിക പരിശീലനം ആരംഭിച്ചു. 1943 തത്വശാസ്ത്ര പഠനം ആലുവയിലുള്ള മംഗലപ്പുഴ സെമിനാരിയിൽ ആരംഭിച്ച അബ്രാഹം മറ്റം തുടർന്ന് അവിടെ തന്നെ ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കി, 1950 മാർച്ച് 15-ാം തീയതി അഭിവന്ദ്യ മാർ അഗസ്റ്റിൻ കണ്ടത്തിൽ പിതാവിൻറെ കൈവയ്പ്പ് വഴി വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു. 1952 മെയ് 22ന് പ്രഥമ വ്രതവാഗ്ദാനവും 1955 മേയ് 31 ന് നിത്യവ്രതവാഗ്ദാനവും നടത്തി ഉത്തമ വിൻസെൻഷ്യൻ വൈദികനായി സന്യാസ ജീവിതം നയിച്ചു.

വൈദികനായ അബ്രാഹം തോട്ടകത്ത് പ്രൊക്കുറേറ്ററായും (1951- 1952), തുടർന്ന് വൈക്കം നടേൽ പള്ളി വികാരിയായും (1952- 1954) സേവനം ചെയ്തു. 1954 ൽ ഉപരിപഠനത്തിനായി റോമിലേക്ക് അയക്കപ്പെട്ട ഫാദർ അബ്രാഹം മറ്റം അവിടെയുള്ള ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും 1958 ൽ തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി ഇന്ത്യയിൽ തിരിച്ചെത്തി. തുടർന്ന് സഭാധികാരികൾ ഫാ. അബ്രാഹം മറ്റത്തെ അങ്കമാലിയിൽ ഉണ്ടായിരുന്ന മൈനർ സെമിനാരി റെക്ടറായി നിയമിച്ചു. 1960 ൽ വിൻസെൻഷ്യൻ വിദ്യാഭവൻ തുടങ്ങിയപ്പോൾ ഫാ. മറ്റത്തെയാണ് റെക്ടറായി നിയമിച്ചത് ഈ ജോലിയിൽ അദ്ദേഹം 1963 വരെ തുടർന്നു. പിന്നീട് അദ്ദേഹം തൊടുപുഴയിലുള്ള വിൻസെൻഷ്യൻ ആശ്രമത്തിലെ സുപ്പീരിയറായി ജോലിനോക്കി. 1965 ൽ ജനറൽ കൗൺസിലറായി തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹത്തെ 1966 ൽ വീണ്ടും വിൻസെൻഷ്യൻ വിദ്യാഭവൻ റെക്ടറായി നിയമിച്ചു. ഈ ജോലിയിൽ തുടരവേ 1968 ജൂലൈ 29 ന് പുതുതായി രൂപംകൊണ്ട സത്നാ മിഷന്റെ എക്സ്സാർ ക്കായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

1969 ജനുവരി 29ന് മോൺസിഞ്ഞോർ മറ്റം സത്നാ മിഷന്റെ എക്സ് സാർ ക്കായി ചുമതലയേറ്റു. തുടർന്നങ്ങോട്ട് ദീർഘവീക്ഷണത്തോടെയുള്ള കഠിനാധ്വാനത്തിൻറെ വർഷങ്ങളായിരുന്നു. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും, ഏതാനും ഗ്രാമപ്രദേശങ്ങളിലും പള്ളികളും, ആതുരാലയങ്ങളും, സ്കൂളുകളും അദ്ദേഹത്തിൻറെ ശക്തമായ നേതൃത്വത്തിൽ സ്ഥാപിതമായി. എല്ലാവരിലേക്കും ക്രിസ്തുവിനെ എത്തിക്കുക എന്നതായിരുന്നു അദ്ദേഹത്തിൻറെ ജീവിതലക്ഷ്യം. തന്നെ ഏല്പിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റവും ഭംഗിയായി നിർവഹിച്ചു വരവെ 1977 ഫെബ്രുവരി 26-ാം തീയതി പരിശുദ്ധ പിതാവ് പോൾ ആറാമൻ പാപ്പാ സത്നാ മിഷനെ രൂപതയായി ഉയർത്തുകയും പ്രഥമ മെത്രാനായി മോൺസിഞ്ഞോർ അബ്രഹാം മറ്റത്തെ നിയമിക്കുകയും ചെയ്തു. 1977 ഏപ്രിൽ 30-ാം തീയതി അദ്ദേഹം രൂപതയുടെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. തന്നിൽ നിക്ഷിപ്തമായിരിക്കുന്ന മിഷൻ പ്രവർത്തനം അദ്ദേഹം തുടർന്നു എട്ടുവർഷം എക്സ്സാർക്കായും, 23വർഷം മെത്രാനായും സമാനതകളില്ലാതെ സേവനംചെയ്ത മാർ അബ്രഹാം മറ്റം 2000 ജനുവരി 14-ാം തിയതി

രൂപതയുടെ ചുമതലയിൽ നിന്ന് ഒഴിഞ്ഞ് പിൻഗാമിയായ മാർ മാത്യു വാണിയ കിഴക്കേലിനെ 2000 ഏപ്രിൽ 12 -ാം തീയതി സത്നാ രൂപതയുടെ ചുമതലകൾ ഏൽപിച്ച് വിശ്രമജീവിതം ആരംഭിച്ചു. ഏതാനും വർഷം കൂടി സത്നയിൽ ചിലവഴിച്ചശേഷം വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ ഇടപ്പള്ളിയിലുള്ള ജനറലേറ്റിൽ (2013) വിശ്രമജീവിതംനയിച്ചു കൊണ്ടിരിക്കുകയായിരുന്നു.

മധ്യപ്രദേശിലെ വടക്കേയറ്റത്തുള്ള ജബൽപൂർ രൂപതയുടെ ഭാഗമായിരുന്ന 6 ജില്ലകളാണ് സത്നഎക്സാർക്കേറ്റ് ആയി വേർതിരിക്കപ്പെട്ടതും (1968) പിന്നീട് സത്ന രൂപതയായി ഉയർത്തപ്പെട്ടതും (1977). കേരളത്തെക്കാൾ വിസ്തീർണമുള്ള ഈ പ്രദേശത്ത് കേവലം ഒരു മിഷൻ സ്റ്റേഷൻ (റീവ) മാത്രമാണ് ഉണ്ടായിരുന്നത്. മാർ അബ്രഹാം മറ്റത്തിന്റ നേതൃത്വത്തിൽ 32 വർഷത്തിനിടയിൽ 26ഓളം ഇടവകകളും മിഷൻ സ്റ്റേഷനുകളും സ്ഥാപിക്കപ്പെട്ടു. മിഷൻ പ്രവർത്തനത്തിന്റെ വിജയത്തിന് സന്യാസിനിമാരുടെ പങ്ക് മനസ്സിലാക്കിയ പിതാവ് എല്ലാ സ്റ്റേഷനുകളോടും ചേർന്ന് കോൺവെന്റുകളും തുടങ്ങാൻ ശ്രദ്ധിച്ചിരുന്നു. ക്രിസ്തുവിനെയും ക്രിസ്തീയ മൂല്യങ്ങളെയും ജനഹൃദയങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് പിതാവ് സ്കൂളുകളും, ഡിസ്പെൻസറികളും, സാമൂഹിക സേവനങ്ങളും സ്ഥാപിച്ചത്. രൂപതയിലെ സാമൂഹിക സേവനം ഏകീകരിക്കുന്നതിനുവേണ്ടി പത്തേരിയിൽ സോഷ്യൽ സർവീസ് സെൻറർ അദ്ദേഹം സ്ഥാപിച്ചു.

പുതുതായി മിഷനിലേക്ക് വന്നിരുന്ന അച്ചന്മാരെയും സിസ്റ്റേഴ്സ്സിനേയും പരിശീലിപ്പിക്കുന്നതിനായി പത്തേരിയിലുള്ള “Edessa Missionary Orientation Centre”, അദ്ദേഹത്തിൻറെ ദീർഘവീക്ഷണത്തിൽ ഫലമായി രൂപം കൊണ്ടതാണ്.

മിഷനുയോജിച്ച വൈദികരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ സെൻറ്. തോമസ് മൈനർ സെമിനാരിയും, സെൻറ്. എഫ്രേം തിയോളജിക്കൽ കോളേജും (ETC): അദ്ദേഹം സ്ഥാപിച്ചു. ഇപ്പോൾ ഇത് സീറോ മലബാർ സിനഡൽ സെമിനാരിയാണിത്. സെൻറ്. വിൻസെൻറ് കത്തീഡ്രൽ ചർച്ച് അദ്ദേഹത്തിൻറ് ഭാവനയിൽ രൂപംകൊണ്ട ഒരു ആരാധനാലയമാണ്. സീറോ മലബാർ സഭ, അദ്ദേഹം നൽകിയ സംഭാവനകളെ മാനിച്ച് അദ്ദേഹത്തിന് അവാർഡും സമ്മാനിച്ചിട്ടുണ്ട്.

ഇല്ലായ്മയിൽനിന്ന് സത്ന രൂപതയെ നട്ടുനനച്ചു വളർത്തിയ പിതാവ് വിശ്രമജീവിതം നയിക്കുന്ന കാലത്തും രൂപതയുടെ പുരോഗതിയിൽ അധികം താല്പര്യം പ്രകടിപ്പിച്ചിരുന്നു. അദ്ദേഹത്തിൻറ് ആത്മാവ് സത്ന രൂപതയോട് ചേർന്നിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് താൻ ചോരയും, നീരും നൽകി നട്ടുവളർത്തിയ സത്നരൂപതയിൽ അന്ത്യവിശ്രമം കൊള്ളുന്നതിന് പിതാവ് ആഗ്രഹം പ്രകടിപ്പിച്ചിരുന്നത്.

രോഗ ശയ്യയിലായിരുന്ന അദ്ദേഹത്തിന് മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി രോഗി ലേപനം നൽകുകയും ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി H. E. Giambattista Diquattro അദ്ദേഹത്തെ സന്ദർശിച്ചു പ്രാർത്ഥിക്കുകയും പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയുടെ ആശീർവാദം നൽകുകയും ചെയ്തു.

*******************